സിർക്കോണിയം മെറ്റൽ ഫാക്ടറി സ്ഥാപിക്കുവാൻ നടപടി

* 10 [822] ശ്രീ. ഡി സുഗതൻ:
„ എ. പി. അനിൽകുമാർ:
„ എ. സുജനപാൽ:
„ ഇ. എം. അഗസ്തി:
„ എം. കെ. പോൾസൺമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമായ ധാതുമണലിൽനിന്ന് സിർക്കോണിയം ഉൽപ്പാദിപ്പിക്കാൻ കഴിയുമോ;

(ബി) സംസ്ഥാനത്ത് ഒരു സിർക്കോണിയം മെറ്റൽ ഫാക്ടറി സ്ഥാപിക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ;

(സി) ഇല്ലാത്തപക്ഷം സഹകരണമേഖലയുടെ സഹകരണത്തോടുകൂടി ഒരു സിർക്കോണിയം ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത ആരായുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാവിക്കുട്ടി) :

(എ) ഉൽപ്പാദിപ്പിക്കുവാൻ കഴിയും.

(ബി, സി) ഇക്കാര്യം സർക്കാർ ഇതുവരെ ആലോചിച്ചിട്ടില്ല.

ഡ്യൂട്ടിക്കിടെ ദേഹാസ്വാസ്ഥ്യം അനുഭവിക്കുന്നവർക്ക് ശാരീരികാദ്ധ്വാനം കുറഞ്ഞ ജോലിയിലേക്ക് മാറ്റം നൽകുന്നതിനുള്ള നടപടി

* 11 [823] ശ്രീ. കെ. മുഹമ്മദാലി:
„ വർക്കല കഹാർ:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. പി. ടി. തോമസ്:
„ എ. കെ. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിലെ ജീവനക്കാർ കർത്തവ്യനിർവ്വഹണത്തിലേർപ്പെട്ടിരിക്കെ അപകടമുണ്ടാവുകയും ദേഹാസ്വാസ്ഥ്യം മൂലം ഡ്രൈവറോ കണ്ടക്ടറോ എന്ന നിലയിൽ ജോലി ചെയ്യാൻ കഴിയാതെ വരികയും ചെയ്യുന്ന സാഹചര്യത്തിൽ അവർക്ക് ശാരീരികാദ്ധ്വാനം കുറഞ്ഞ ജോലിയിലേക്ക് മാറ്റം നൽകാറുണ്ടോ;

(ബി) ഇല്ലാത്തപക്ഷം അതിനുള്ള കാരണമെന്ത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം ദേഹാസ്വാസ്ഥ്യമുള്ളവർക്ക് മറ്റ് ലഘുവായ ജോലി കൊടുക്കണമെന്ന് കോടതിയുത്തരവുള്ളപക്ഷം അവർക്ക് മറ്റ് ജോലികൾ കൊടുക്കാറുണ്ടോ;

(ഡി) നിലവിൽ ഡ്യൂട്ടിക്കിടെ ഉണ്ടായ അപകടത്തിന്റെ ഫലമായി പ്രയാസമില്ലാത്ത ജോലി നൽകണമെന്ന് എത്ര പേർ ആവശ്യപ്പെട്ടിട്ടുണ്ട്;

(ഇ) അവർക്ക് അത്തരം ജോലി കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) ഇവർക്ക് മെഡിക്കൽ ബോർഡിന്റെ ശുപാർശപ്രകാരം പരമാവധി ആറുമാസത്തേയ്ക്ക് ലൈറ്റ് ഡ്യൂട്ടി അനുവദിക്കാറുണ്ട്. എന്നാൽ തസ്തിക മാറ്റം വഴി ശാരീരികാധ്വാനം കുറഞ്ഞ ജോലി നൽകാറില്ല.

(ബി) 26-11-1994-ലെ 45757/എൽ.3/94/പി. ഡബ്ലിയു. ആന്റ് റ്റി. നമ്പർ പ്രകാരമുള്ള ഉത്തരവിൽ ഒരു ജീവനക്കാരന് അയാളെ നിയമിച്ച തസ്തികയിൽ ജോലി ചെയ്യാൻ ശാരീരിക അസ്വാസ്ഥ്യംകൊണ്ട് കഴിയാതെ വന്നാൽ ആനുകൂല്യങ്ങൾ നൽകി പിരിഞ്ഞുപോകാൻ അനുവദിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ നിയമം കെ. എസ്. ആർ. ടി. സി. യിലും സർക്കുലർ നമ്പർ 78512/ജി. എൽ. 2/94/ആർ. ടി. സി. തീയതി 3-12-1994 പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. തസ്തിക മാറ്റം നടത്തുന്നത് പാടില്ലായെന്ന് നമ്പർ എ. III(2). 265/89/സി. ഡബ്ല്യു. തീയതി 18-4-2001-ലെ കത്ത് പ്രകാരം പി. എസ്. സി. അറിയിച്ചിട്ടുണ്ട്.

(സി) കോടതി ഉത്തരവുകൾ നടപ്പാക്കാറുണ്ട്.

(ഡി) 54 പേർ ഡ്യൂട്ടിക്കിടയിൽ ഉണ്ടായ അപകടത്തിന്റെ ഫലമായി പ്രയാസമില്ലാത്ത ജോലി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) അവർക്ക് നിലവിലുള്ള നിയമം അനുശാസിക്കുന്ന 6 മാസത്തേയ്ക്ക് ലൈറ്റ് ഡ്യൂട്ടി അനുവദിച്ചിട്ടുണ്ട്.

റെയിൽവെ രംഗത്ത് കേന്ദ്രഗവൺമെന്റിന്റെ അവഗണന

* 12 [824] ശ്രീ. മത്തായി ചാക്കോ:
,, കെ. പി. സതീശ് ചന്ദ്രൻ:
,, കെ. രാധാകൃഷ്ണൻ:
,, എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ രംഗത്ത് പുതിയ പദ്ധതികൾ അനുവദിക്കുന്നതിലും നിലവിലുള്ള വികസന പദ്ധതികൾ പൂർത്തിയാക്കുന്നതിലും ഫണ്ട് അനുവദിക്കുന്നതിലും കേന്ദ്ര സർക്കാർ കാണിക്കുന്ന അവഗണന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly